പ്രൊപ്പോസലുമുണ്ട്. ഈ രണ്ട് കാര്യങ്ങളും നിലവിലുള്ള എൻ.എച്ച്.-ൽ തന്നെ ചെയ്യേണ്ടതാണ്. അതിനുവേണ്ടിയുള്ള അടിയന്തരമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും ബൈപ്പാസിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനും ഇടപെടലുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, പാലക്കാട്-കോഴിക്കോട് എൻ.എച്ച്. 966-ൽ സ്ഥിതിചെയ്യുന്ന മണ്ണാർക്കാട് ഠൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കുമരംപുത്തൂരിൽ ഇടങ്ങിച്ചുരിയോടിൽ അവസാനിക്കുന്ന 8.5 കിലോമീറ്റർ ദൈർഘ്യമുള്ള മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണത്തിനായി 2014-15 വാർഷിക പദ്ധതിയിൽ 30 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയം ഉൾപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി ബൈപ്പാസ് നിർമ്മാണത്തിനുള്ള അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കൽ കേന്ദ്ര മന്ത്രാലയം 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയം അംഗീകരിച്ച കൺസൾട്ടന്റുമാരെക്കൊണ്ട് ഡി.പി.ആർ. തയ്യാറാക്കാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതനുസരിച്ച് മണ്ണാർക്കാട് ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി രണ്ട് പ്രാവശ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടർ സമർപ്പിച്ചില്ല. വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്ന് മാത്രമല്ല ഈ ലിസ്റ്റിലുള്ള ആളുകളോട് പ്രത്യേകം പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുമുണ്ട്. എൻ.എച്ച്. 966-ൽ നിലവിലുള്ള റോഡിന്റെ സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആറ് കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ, ഈ റോഡിലെ തകരാറിലായ കലുങ്കുകൾ പുനർനിർമ്മിക്കുന്നതിനുള്ള മുപ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കേന്ദ്ര മന്ത്രാലയത്തിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

19. റോഡുകളുടെ ശോചനീയാവസ്ഥ

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പൊതുമരാമത്ത് റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഏതാണ്ട് 100 കി.മീറ്റർ ദൂരമുള്ള 15 പി.ഡബ്ല്യു.ഡി. റോഡുകളും രണ്ട് സ്റ്റേറ്റ് ഹൈവേയും ആ മണ്ഡലത്തിലൂടെ കടന്നുപോകുന്നുണ്ട്. ഇതിൽ ഏറ്റവും ഗുരുതരമായിട്ടുള്ളത് മലപ്പുറം-

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഹൈവേയുടേതാണ്. പാലക്കാട് ജില്ലയിലേക്ക് കടന്നാൽ വേർതിരിച്ചറിയുന്ന രൂപത്തിലാണ് ആ റോഡിന്റെ സ്ഥിതി. പി.ഡബ്ല്യു.ഡി. റോഡുകളും ഒട്ടും വ്യത്യസ്തമല്ലാത്ത രീതിയിൽ നില്ലകയാണ്. പി.ഡബ്ല്യു.ഡി. റോഡ് ഒരു മണ്ഡലത്തിന്റെ റോഡല്ലെന്ന് നമുക്കറിയാം. രണ്ട-മൂന്ന് മണ്ഡലം വരുന്നതാണെങ്കിലും ഷൊർണ്ണൂർ മണ്ഡലത്തിന്റെ ഭാഗം വരുമ്പോൾ, ഉദാഹരണത്തിന്, 10 കി.മീറ്ററുള്ള ഒരു റോഡിൽ 7 കി.മീറ്റർ BM-BC ചെയ്യുകയും 3 കി.മീറ്റർ ഷൊർണ്ണൂർ മണ്ഡലത്തിന്റെ ഭാഗമായി കിടക്കുന്ന ഭാഗത്ത് തികച്ചും കുണ്ടും കുഴിയുമായി കാൽനടയാത്രക്കാർക്കുപോലും സഞ്ചരിക്കാൻ കഴിയാത്ത സ്ഥിതിയുമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഇക്കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. ഒരിക്കൽ അതുവഴി സഞ്ചരിച്ച സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോട് അദ്ദേഹം പറഞ്ഞിട്ടുമുണ്ട്. കുണ്ടും കുഴിയുമുള്ള റോഡായതുകൊണ്ടായിരിക്കാം 25 ലക്ഷം രൂപ മെയിന്റനൻസിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. വളരെ പരിതാപകരമായ അവസ്ഥയാണ് ഈ 15 പി.ഡബ്ല്യു.ഡി. റോഡുകളുടെയും കാര്യത്തിലുള്ളത്. ഷൊർണ്ണൂർ മണ്ഡലത്തിലെ 100 കി.മീറ്റർ പി.ഡബ്ല്യു.ഡി. റോഡിൽ ഏതാണ്ട് 10 കി.മീറ്റർ മാത്രമാണ് BM-BC ചെയ്തിട്ടുള്ള റോഡുള്ളത്. ജനങ്ങൾ വലിയ പ്രക്ഷോഭത്തിലാണ്; അടിയന്തരമായി ഈ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. പാലക്കാട്-പെരിന്തൽമണ്ണ റോഡിന്റെ ഭാഗമായ ഇത റോഡിന്റെയും ചെർപ്പുളശ്ശേരി-ഒറ്റപ്പാലം റോഡിന്റെയും വാണിയംകുളം-കോതക്കുറിശ്ശി റോഡിന്റെയും കൊപ്പം-പേങ്ങാട്ടുഗിരി റോഡിന്റെയും അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്. പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡിന് 25 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തിക്കുള്ള എഗ്രിമെന്റ് ചെയ്തുകഴിഞ്ഞു. പണി ഉടനെ ആരംഭിക്കുന്നതാണ്. പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡിൽ 25 ലക്ഷം രൂപയുടെ മറ്റൊരു പുനരുദ്ധാരണ പ്രവൃത്തിക്കും വാണിയംകുളം-കോതക്കുറിശ്ശി റോഡിൽ 25 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തിക്കും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. വാണിയംകുളം-വല്ലപ്പുഴ റോഡ് വീതി കൂട്ടി അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്. വീതി കൂട്ടിയ ഭാഗത്ത് ടാറിംഗ് പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. ഷൊർണ്ണൂർ മണ്ഡലത്തിലെ മറ്റേതെങ്കിലും പ്രദേശത്ത് അത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചാൽ പെട്ടെന്ന് അറ്റകുറ്റപ്പണികൾ ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly